## കേരള സർക്കാർ

## ദർഘാസ് പരസ്യം

നമ്പർ ഡി.1-620/01

കണ്ണൂർ
15.09.2020

കേരള ഗവർണർക്കുവേണ്ടി കണ്ണൂർ ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും മുദ്രവെച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ള തുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു.

05.10.2020-ാം തീയ്യതി വൈകുന്നേരം 4.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 4.30ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരൊ തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. അന്നേ ദിവസം അവധി ആവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമായിരിക്കും. ദർഘാസുകൾ റജിസ്ട്രേഡ് തപാൽ/ സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമെ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയ്യതി മുതൽ 2 മാസം ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | കരാറുകാരുടെ യോഗ്യത | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1. | 11/2020-21 | Annual maintenance of Ottappilavu LI Scheme in Kottiyoor Panchayath for the year2020-21.<br>അടങ്കൽ തുക ₹ 26,133.22/- | ₹ 700/- | ₹ 300/- + GST | ഡി യും മുകളിലും | 1മാസം |
| 2 | 12/2020-21 | Annual maintenance of Pavannur LI Scheme in Kuttiattoor Panchayath for the year 2020-21.'<br>അടങ്കൽ തുക ₹ 43,064.62/- | ₹ 1100/- | ₹ 300/- + GST | ഡി യും മുകളിലും | 1മാസം |

ദർഘാസ് ഫോറങ്ങളും മറ്റ് വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയ ത്തിൽ നിന്നും 29.09.2020 ന് ഉച്ചയ്ക്ക് 1.00 മണിവരെ ദർഘാസ് ഫോറത്തിന്റെ വില+GST ട്രഷറിയിൽ അടച്ച് ചെലാൻ സഹിതം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ 29.09.2020 ന് ഉച്ചയ്ക്ക് 1.00 മണിക്ക് ശേഷം യാതൊരു കാരണവശാലും ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോ ന്യം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം ₹ 225/- മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് വെക്കാത്ത ദർഘാസുകൾ നിരസിക്കു

Scanned with CamScanner

ന്നതാണ്. ഉത്തരവ് ജി.ഒ (പി)84/97 പി.ഡബ്ല്യു.ഡി & ടി. തീയ്യതി 19.08.1997 ൽ പറയുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ടെണ്ടറിൽ പങ്കെടുക്കുന്ന കോൺട്രാക്ടർമാർക്ക് കോർ ബാങ്കിംഗ് സംവിധാനമുള്ള ഏതെങ്കിലും ഒരു ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് നമ്പർ ടെണ്ടറിൽ തെറ്റുകൂടാതെ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ പ്രവർത്തിയുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്ക് നൽകേണ്ട പണം ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ മേൽ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള പത്രിക കൂടി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത പത്രിക സമർപ്പിക്കാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്.

1987 ലെ കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിയമത്തിലെ 8 (2) വകുപ്പ് അനുസരിച്ച് മേൽ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർരൊക്കം ചെലവിന്റെ ഒരു ശതമാനം കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ബില്ലിൽ നിന്നും നൽകേണ്ടതാണ്. ജലസേചനവകുപ്പിലെ ദർഘാസുകളെ സംബന്ധിക്കുന്ന മറ്റെല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

15/09/2020

സുരേഷ് ബാബു.പി
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ചെറുകിട ജലസേചന ഉപവിഭാഗം
കണ്ണൂർ-2

1. പകർപ്പ് എക്സികൂട്ടീവ് എൻജിനീയറുടെ അറിവിലേക്കായി സമർപ്പിക്കുന്നു.
2. പകർപ്പ് അസിസ്റ്റന്റ് എൻജിനീയർ എം.ഐ സെക്ഷൻ മട്ടന്നൂർ/കണ്ണൂർ/തലശ്ശേരി യുടെ അറിവിലേക്കും മേൽ നടപടികൾ സ്വീകരിക്കുന്നതിനും ആയി അയക്കുന്നു.
3. നോട്ടീസ് ബോർഡ്

Scanned with CamScanner